**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 367** **28.05.2019 - ൽ മറുപടിക്ക്.**

**മുൻഗണനാ റേഷൻ കാർഡുകളിലെ അനർഹർ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം. തോമസ് :** | **ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) മുൻഗണനാ റേഷൻ കാർഡുകളിലെ അനർഹരെ കണ്ടെത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) സ്വമേധയാ സറണ്ടർ ചെയ്തതിന് പുറമേ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നേടിയ റേഷൻകാർഡുകൾ അന്വേഷണത്തിലൂടെ മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയിട്ടുണ്ട്. പി.ഡി.എസ് കൺട്രോൾ ഓർഡർ, 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയ ആയതിനാൽ ശുദ്ധീകരണം നടന്നു വരുന്നു. തദ്ദേശ സ്വയം ഭരണം, മോട്ടോർ വാഹന വകുപ്പുകളുടെ ഡേറ്റായുമായി ആർ.സി.എം.എസ്. ഡേറ്റാ മാപ്പിംഗ് നടത്തി അനർഹരായ കുടുംബങ്ങളെ കണ്ടെത്തി ഒഴിവാക്കിയിട്ടുണ്ട്.<br>ഒഴിവാക്കൽ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നടന്ന പരിശോധനയിൽ 3,71,952 കുടുംബങ്ങൾ ഉൾപ്പെട്ട പട്ടികയിൽ നിന്നും സീനിയോരിറ്റി അനുസരിച്ച് അനർഹരെ കണ്ടെത്തിയ ഒഴിവിലേക്ക് അർഹരെ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. നാളിതുവരെ 3,16,960 കുടുംബങ്ങളെ മുൻഗണനാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടുതൽ അനർഹരെ കണ്ടെത്തുന്നതിന് കഴിഞ്ഞ മൂന്ന് മാസമായി റേഷൻ സാധനങ്ങൾ വാങ്ങാത്തവരുടെ ലിസ്റ്റ് എടുത്ത് ഫീൽഡ് തല പരിശോധന നടത്തി, നിലവിലെ മുൻഗണനാ പട്ടികയിൽ ഇത്തരത്തിൽ ഭക്ഷ്യധാന്യങ്ങൾ വാങ്ങാത്ത 70,000 കുടുംബങ്ങൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരുടെ പട്ടിക കുടുംബശ്രീയിൽ നിന്ന് ലഭ്യമാക്കുന്നതിനും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹായത്തോടെ മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് പട്ടികയിൽ നിന്ന് ഒഴിവാക്കുന്നതിനും നടപടികൾ തുടർന്ന് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി കണ്ടെത്തിയ അനർഹരുടെ പട്ടിക ജില്ല തിരിച്ച് വ്യക്തമാക്കുമോ; | (ബി) യും (സി) യും | സംസ്ഥാനത്ത് അനർഹമാണെന്ന് കണ്ടെത്തിയതും മുൻഗണനേതര വിഭാഗത്തിലേക്ക് മാറ്റിയതുമായ റേഷൻ കാർഡുകളുടെ എണ്ണം ജില്ലാ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരമാണ്. |
| (സി) | റേഷൻ കാർഡ് വിതരണത്തിനുശേഷം ഇതുവരെ എത്ര കാർഡുകളെ മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയെന്ന വിശദാംശം ജില്ല തിരിച്ച് വ്യക്തമാക്കുമോ? | | |

| ജില്ല | അനർഹമാണെന്ന് കണ്ടെത്തിയ കാർഡുകളുടെ എണ്ണം | മുൻഗണനാ വിഭാഗത്തിൽ ഉൾപ്പെടുത്തിയ കാർഡുകളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 41107 | 37754 |
| കൊല്ലം | 46477 | 33282 |
| പത്തനംതിട്ട | 11496 | 11277 |
| ആലപ്പുഴ | 12456 | 32634 |
| കോട്ടയം | 13125 | 12205 |
| ഇടുക്കി | 5575 | 7588 |
| എറണാകുളം | 20596 | 19735 |
| തൃശ്ശൂർ | 42553 | 32661 |
| പാലക്കാട് | 29951 | 27839 |
| മലപ്പുറം | 35946 | 34008 |
| കോഴിക്കോട് | 29117 | 29051 |
| വയനാട് | 4591 | 9894 |
| കണ്ണൂർ | 13465 | 17607 |
| കാസർഗോഡ് | 14989 | 11425 |
| **ആകെ** | **321444** | **316960** |

**സെക്ഷൻ ഓഫീസർ**